# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 264** **05.03.2012-ലെ മറുപടിക്ക്**

## <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ.) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2012 ജനുവരി 31 ലെ താത്ക്കാലിക കണക്കുകൾ അനുസരിച്ച് 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യു വരുമാനം 28100 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 23687 കോടി രൂപയേക്കാൾ 18.63 ശതമാനം കൂടുതലാണ്. റവന്യു ചെലവ് 33835 കോടി രൂപയാണ്. ഇത് കഴിഞ്ഞവർഷം ഇതേ കാലയളവിൽ ചെലവായ 25331.5 കോടി രൂപയേക്കാൾ 33.57 ശതമാനം കൂടുതലാണ്. പെൻഷൻ പരിഷ്ക്കരണം, ശമ്പള പരിഷ്ക്കരണം, സാമൂഹിക ക്ഷേമ പെൻഷൻ വർദ്ധനവ്, താഴ്ന്ന വരുമാനക്കാർക്ക് ഒരു രൂപയ്ക്ക് അരി പദ്ധതി തുടങ്ങിയവ നടപ്പാക്കിയതിനാലാണ് റവന്യു ചെലവ് വർദ്ധിക്കാനിടയായത്. 2011-12 സാമ്പത്തിക വർഷം 10418 കോടി രൂപയാണ് കടമെടുക്കാൻ അനുവദിക്കപ്പെട്ടത്. ഇതിൽ 6614.14 കോടി രൂപ (തനി) കടമെടുത്തിട്ടുണ്ട്. |
| (ബി.) | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; | അധിക വിഭവ സമാഹരണത്തിനായി നികുതി നികുതിയേതര വരുമാന മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം കൃത്യമായ നികുതി നിർണ്ണയത്തിലൂടെയും, നികുതി ചോർച്ച തടയുന്നതിലൂടെയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ 2003 ലെ 'കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് ' ഭേദഗതി ചെയ്തതിന്റെ ഫലമായി 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും, മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനത്തിന് പണം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചുനൽകുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ട് മാത്രമേ വിവിധ പദ്ധതികൾക്കായി കടമെടുക്കുവാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്തിന്റെ പദ്ധതിയിൽ പശ്ചാത്തല വികസനത്തിന് പ്രാധാന്യം നൽകിക്കൊണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനത്തിന് ആവശ്യമായി വരുന്ന തുക അനുവദിക്കപ്പെടുന്ന കടമെടുപ്പ് പരിധിയെക്കാൾ ഉയർന്നതാണ്. ഈ കുറവ് പരിഹരിക്കുന്നതിനായി പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തത്തോടെ (PPPP) പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിദേശ സാമ്പത്തിക സഹായ ഏജൻസികളായ എ.ഡി.ബി., JICA, വേൾഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ